പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 289 10.07. 2015 ൽ മറുപടിക്ക്.

## ബാലവേല നിയമത്തിലെ ഭേദഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എളമരം കരീം<br>ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) | ബാലവേല നിയമത്തിൽ ഭേദഗതി വരുത്തിയ കേന്ദ്രസർക്കാർ നടപടി സംബന്ധിച്ച നിലപാടറിയിക്കാമോ ; | (എ) | ബാലവേല നിയമത്തിൽ ഭേദഗതി വരുത്തിയ കേന്ദ്രസർക്കാർ നടപടി സംബന്ധിച്ച് മാധ്യമങ്ങളിൽ കൂടിയുള്ള അറിവ് മാത്രമേ ലഭിച്ചിട്ടുള്ളൂ. നിയമ ഭേദഗതി വന്നിട്ടില്ല. |
| (ബി) | പ്രസ്തുത നിയമഭേദഗതി വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഭേദഗതി സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് വിലയിരുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ; | (സി) | നിയമ ഭേദഗതി ഉണ്ടാകുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട് മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലവിൽ സംസ്ഥാനത്ത് ബാലവേല പൂർണ്ണമായി തടയുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; അവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഡി) | 1986–ലെ ബാലവേല നിരോധന നിയമപ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തി ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ, ജില്ലാ ഭരണകൂടവുമായി ചേർന്ന് |

ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും വരുന്നു. കൂടാതെ, ബാലവേലയ്ക്കെതിരെ സാമൂഹ്യാവബോധം സൃഷ്ടിക്കുന്നതിനും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കുടുംബങ്ങളുടെ സാമൂഹ്യ ഉന്നമനവും ലക്ഷ്യമാക്കി കർമ്മ പരിപാടികൾ നടപ്പാക്കുന്നതിന്റെയും ആവശ്യകത പൊതുജനമദ്ധ്യത്തിൽ അവതരിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള വീഡിയോ ഡോക്കുമെന്ററി ഉൾപ്പെടെയുള്ള പ്രചരണ പരിപാടി തൊഴിൽ വകുപ്പ് 2015–16 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ കൺവീനറായും ചൈൽഡ് വെൽഫെയർ കം മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബാക്കി ജില്ലകളെ കൂടി ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിക്കാനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ